## പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VI
# (വിദ്യാഭ്യാസം)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-2020)-ലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]**

**2020 ആഗസ്റ്റ് 24-ാം തീയതി സമർപ്പിച്ചത്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VI
# (വിദ്യാഭ്യാസം)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്**
**(2019-2020)-ലെ ശിപാർശകളിന്മേലുള്ള**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]

573/2020.

# ഉള്ളടക്കം


| | |
|---|---|
| | *പേജ്* |
| സമിതിയുടെ ഘടന | .. v |
| അവതാരിക | .. vii |
| റിപ്പോർട്ട് | .. 1 |

# സബ്ജക്ട് കമ്മിറ്റി VI

## (വിദ്യാഭ്യാസം)

## (2019- 2021)

**ഘടന**

ചെയർമാൻ :

പ്രൊഫ.സി. രവീന്ദ്രനാഥ്,
പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി.

എക്സ്- ഒഫീഷ്യോ അംഗങ്ങൾ :

ഡോ. കെ. ടി. ജലീൽ,
ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി,

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. എം. സി. കമറുദ്ദീൻ

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. ആർ. രാജേഷ്

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. എം. സ്വരാജ്

ശ്രീ. ഇ. ടി ടൈസൺ മാസ്റ്റർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലീമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി എം. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

## അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20)-ലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VI-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20) 28-5-2019-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും സമിതിക്ക് നാളിതുവരെ ലഭിച്ച നടപടി പത്രികകൾ സമിതി 4-2-2020, 23-7-2020 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ അംഗീകരിച്ചു.

രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്ന ഈ റിപ്പോർട്ടിന്റെ അദ്ധ്യായം I-ൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20)-ലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. അദ്ധ്യായം-II-ൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങൾ വകുപ്പ് തിരിച്ച് ഉൾപ്പെടുത്തിയിരിക്കുന്നു.

2020 ജൂലൈ 23-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പ്രൊഫ. സി. രവീന്ദ്രനാഥ്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2020 ജൂലൈ 23.

# റിപ്പോർട്ട്

## അദ്ധ്യായം I

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20)-ലെ ശിപാർശകളും അവയിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി പത്രികകളും

## ഉന്നതവിദ്യാഭ്യാസ വകുപ്പ്

ശിപാർശ (ഖണ്ഡിക 21)

2202-03-102-99—കേരള സർവ്വകലാശാല

കേരള സർവ്വകലാശാലയിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികയിലേക്കുള്ള നിയമനം, അദ്ധ്യാപകർക്കും ലൈബ്രറി ജീവനക്കാർക്കും 2016-ലെ യു.ജി.സി. ശമ്പള പരിഷ്കരണം നടപ്പിലാക്കൽ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 38 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പദ്ധതിയേതര ഇനത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ വകയിരുത്തിയ മുഴുവൻ തുകയും അനുവദിച്ചെങ്കിലും അധിക ധനസഹായം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 22)

2202-03-102-98—കോഴിക്കോട് സർവ്വകലാശാല

കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് അനുവദിച്ച 25 കോടി രൂപ പദ്ധതികളുടെ നടത്തിപ്പിന് തികയാത്തതിനാലും മുൻവർഷം അനുവദിച്ച മുഴുവൻ തുക വിട്ടുതൽ നൽകാത്തതിനാലും പദ്ധതിയിനത്തിൽ 5 കോടി രൂപയും ശമ്പളവും പെൻഷനും മറ്റ് അലവൻസുകളും നൽകുന്നതിനും സർക്കാർ നടപ്പിലാക്കിയ കരാർ/ദിവസ വേതന അടിസ്ഥാനത്തിലുള്ള ശമ്പള വർദ്ധനവ് നൽകുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 8 കോടി രൂപ പദ്ധതിയേതരയിനത്തിലും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

573/2020.

സ്വീകരിച്ച നടപടി

പദ്ധതി ഇനത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും രണ്ട് ഗഡുക്കളും, പദ്ധതിയേതര ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ മുഴുവൻ തുകയും അനുവദിച്ചെങ്കിലും അധിക ധനസഹായം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 23)

2202-03-102-97—മഹാത്മാഗാന്ധി സർവ്വകലാശാല

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ജീവനക്കാർക്ക് ശമ്പളം, പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ 78 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പദ്ധതിയേതര ഇനത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ വകയിരുത്തിയ മുഴുവൻ തുകയും അനുവദിച്ചെങ്കിലും അധിക ധനസഹായം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 24)

2202-03-102-93—ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

അദ്ധ്യാപക വിദ്യാർത്ഥി സമൂഹത്തിനാവശ്യമായ എല്ലാവിധ സൗകര്യവും പൂർത്തിയാക്കേണ്ടതിനാൽ പദ്ധതിയിനത്തിൽ 3 കോടി രൂപയും ഗസ്റ്റ് അദ്ധ്യാപകരുടെയും ദിവസവേതന ജോലിക്കാരുടെയും വേതനമുൾപ്പെടെ ശമ്പളവും അലവൻസുകളും, പെൻഷൻ ആനുകൂല്യങ്ങളും, സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണവും അദ്ധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരമുള്ള പ്രൊമോഷനുകളും ആയതിന്റെ ശമ്പള കുടിശ്ശികയും, മറ്റ് ഓഫീസ് ചെലവുകളും നൽകേണ്ടതിനാൽ പദ്ധതിയേതരയിനത്തിൽ 16.2673 കോടി രൂപയും യു.ജി.സി. ശമ്പള പരിഷ്കരണ തുക നൽകുന്നതിന് 1.4 കോടി രൂപയും നിലവിലുള്ള ബാദ്ധ്യതകൾ തീർക്കുന്നതിന് പ്രത്യേക ഗ്രാന്റായി 43.4126 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പദ്ധതി ഇനത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും രണ്ട് ഗഡുക്കളും, പദ്ധതിയേതര ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ മുഴുവൻ തുകയും അനുവദിച്ചെങ്കിലും അധിക ധനസഹായം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 25)

2202-03-102-92—കണ്ണൂർ സർവ്വകലാശാല

യു.ജി.സി.യുടെ ഏഴാം ശമ്പള പരിഷ്കരണം പ്രായോഗികമാകുന്നതോടെ അദ്ധ്യാപകരുടെ ശമ്പളത്തിലുണ്ടാകുന്ന വർദ്ധനവിനും അദ്ധ്യാപക തസ്തികയിലുണ്ടാകുന്ന നിയമനം നടത്തുന്നതിനും കരാറടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും ചേർത്ത് 11.5628 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പദ്ധതിയിനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 11 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പദ്ധതി ഇനത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും രണ്ട് ഗഡുക്കളും, പദ്ധതിയേതര ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ മുഴുവൻ തുകയും അനുവദിച്ചെങ്കിലും അധിക ധനസഹായം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 26)

2202-03-102-72—തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല

അദ്ധ്യാപക തസ്തികകൾ വർദ്ധിപ്പിച്ചതിനാലും അദ്ധ്യാപകരുടെ ശമ്പളത്തിലും അലവൻസുകളിലും വർദ്ധനവുണ്ടായതിനാലും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 309 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പദ്ധതിയേതര ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ മുഴുവൻ തുകയും അനുവദിച്ചതിനുപുറമേ സ. ഉ. (സാധാ.) നമ്പർ 398/2020/ഉ.വി.വ. തീയതി 6-3-2020 പ്രകാരം ഒരു കോടി രൂപ അധികധനസഹായം അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 36)

2203-00-102-99—കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (കുസാറ്റ്)

പ്രവേശന പരീക്ഷാ നടത്തിപ്പ് ചെലവുകൾ, വൈദ്യുത ചാർജ്, വെള്ളക്കരം, തുടങ്ങിയ ഇനങ്ങളിലെ ഗണ്യമായ വർദ്ധനവും ആഭ്യന്തരവരുമാനത്തിലെ കുറവും കണക്കിലെടുത്ത്

പദ്ധതിയേതരയിനത്തിൽ 15 ലക്ഷം രൂപയും കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയെ മികവിന്റെ കേന്ദ്രമായി ഉയർത്തുക എന്ന ലക്ഷ്യം മുൻനിർത്തി വിഭാവനം ചെയ്തിട്ടുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യവികസനവും, സമയബന്ധിതമായി നടത്തുന്നതിനും വിവിധ വകുപ്പുകളിലെ പഠന ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങളും കമ്പ്യൂട്ടറുകളും വാങ്ങുന്നതിനുമായി പദ്ധതിയിനത്തിൽ 5.42 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പദ്ധതി ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ നിന്നും രണ്ട് ഗഡുക്കളും, പദ്ധതിയേതര ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ മുഴുവൻ തുകയും അനുവദിച്ചെങ്കിലും അധിക ധനസഹായം അനുവദിച്ചിട്ടില്ല.

[സർക്കാർ കത്ത് നമ്പർ 8-6-2020-ലെ ബി1/424/2019/ഉ.വി.വ. 23-7-2020-ലെ സമിതി യോഗം അംഗീകരിച്ചു.

ശിപാർശ (ഖണ്ഡിക 47)

2204-00-102-76—ദേശീയ റിപ്പബ്ലിക് പരേഡിൽ പങ്കെടുക്കുന്നതിനായുള്ള നാഷണൽ സർവീസ് സ്കീം വോളന്റിയേഴ്സിനുള്ള സഹായം

2016-17 സാമ്പത്തികവർഷം മുതൽ സംസ്ഥാന ബജറ്റിൽ റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കുന്ന എൻ.എസ്.എസ്. വോളന്റിയർമാർക്ക് ട്രാക്സ്യൂട്ട് വാങ്ങുന്നതിന് സംസ്ഥാന സർക്കാരിന്റെ വകയായി 60,000 രൂപ അനുവദിച്ചുവരുന്നു. ആയതിനാൽ 2019-20 സാമ്പത്തിക വർഷവും 59,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2-9-2019-ലെ സ. ഉ. (സാധാ.) നമ്പർ 7036/2019/ധന. ഉത്തരവ് പ്രകാരം 2019-20 സാമ്പത്തികവർഷം റിപ്പബ്ലിക്ക്ദിന പരേഡിൽ പങ്കെടുക്കുന്ന എൻ.എസ്.എസ്. വോളന്റിയർമാർക്ക് ട്രാക്ക്സ്യൂട്ട് വാങ്ങുന്നതിന് 2204-00-102-76 നമ്പർ ശീർഷകത്തിൽ 59,000 രൂപയുടെ അധിക ധനാനുമതി നൽകിയിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ എ 1/180/2019/ഉ.വി.വ., തീയതി 16-1-2020]
4-2-2020-ലെ സമിതി യോഗം അംഗീകരിച്ചു.

ശിപാർശ (ഖണ്ഡിക 49)

2205-00-105-99-36—കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ

(i) കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ ലൈബ്രറിയുടെ കംപ്യൂട്ടർവത്ക്കരണത്തിന് തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 55 ലക്ഷം രൂപയും ലൈബ്രറികൾക്കുള്ള ഗ്രാന്റ്, അലവൻസ് വർദ്ധനവിനായി പദ്ധതിയേതരയിനത്തിൽ 59.4378 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-105-99-31

(ii) ജീവനക്കാർക്കും പെൻഷൻകാർക്കും കടിശ്ശിക/ഡി.എ./ഡി.ആർ. വർദ്ധനവ് എന്നിവ നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ 580.01 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിർദ്ദിഷ്ട ശീർഷകങ്ങളിൽ വകയിരുത്തിയിരുന്ന തുക തീരുന്ന മുറയ്ക്ക് ധനപുനർവിനിയോഗ ശിപാർശ സമർപ്പിക്കുന്നതിന് ലൈബ്രറി കൗൺസിൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും അപ്രകാരമുള്ള പ്രൊപ്പോസൽ ലഭ്യമാക്കാതിരുന്നതിനാൽ സമിതി ശിപാർശ ചെയ്ത തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

[സർക്കാർ കത്ത് നമ്പർ എ 2/210/2019/ഉ.വി.വ., തീയതി 29-4-2020]

23-7-2020-ലെ സമിതി യോഗം അംഗീകരിച്ചു

ശിപാർശ (ഖണ്ഡിക 79)

4202-04-105-99—പബ്ലിക് ലൈബ്രറി കെട്ടിടങ്ങൾ

3 പ്രവർത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 97.37 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിലെ പ്രവർത്തികൾ പൂർത്തിയാക്കുന്നതിന് 13-5-2019-ലെ സ. ഉ. (സാധാ.) നമ്പർ 3636/2019/ധന. പ്രകാരം 82,32,000 രൂപയുടെ അധിക ധനാനുമതി നൽകിയിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ എ 1/252/2019/ഉ.വി.വ., തീയതി 1-2-2020]
23-7-2020-ലെ സമിതി യോഗം അംഗീകരിച്ചു

ശിപാർശ (ഖണ്ഡിക 121)

2204-00-104-98—ആസ്ഥാന കേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥന്മാരുടെ റിക്രിയേഷൻ ക്ലബ്ബുകളും സംഘടനകളും (സംഭാവന)

കേരള സെക്രട്ടേറിയറ്റ് വിമൻസ് വെൽഫെയർ സൊസൈറ്റി & റിക്രിയേഷൻ ക്ലബ്ബിന് നൽകിവരുന്ന ധനസഹായം 25,000 രൂപയിൽ നിന്ന് 40,000 രൂപയായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് വിമൻസ് വെൽഫെയർ സൊസൈറ്റി & റിക്രിയേഷൻ ക്ലബ്ബിന് ധനസഹായം നൽകുന്നത് "2204-00-104-98-Clubs & Associations Engaged in Recreational Activities among Staff in Head Quarters Stations" എന്ന ശീർഷകത്തിൽ നിന്നാണ്. പ്രസ്തുത ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ 25,000 രൂപ വകയിരുത്തിയിരുന്നു. സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 22-11-2019-ലെ സ. ഉ. (സാധാ.) നമ്പർ 9178/2019/ഫിൻ. പ്രകാരം 15,000 രൂപ അധികചെലവായി ധനകാര്യ വകുപ്പ് അനുവദിക്കുകയുണ്ടായി. അപ്രകാരം കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് വിമൻസ് വെൽഫെയർ സൊസൈറ്റി & റിക്രിയേഷൻ ക്ലബ്ബിന് 2019-20 സാമ്പത്തിക വർഷത്തെ ഗ്രാന്റായി 40,000 രൂപ 10-2-2020-ലെ സ.ഉ. (സാധാ.) നമ്പർ 638/2020/പൊ.ഭ.വ. പ്രകാരം അനുവദിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സംഘടനയ്ക്ക് 2018-19 സാമ്പത്തിക വർഷം അനുവദിച്ച തുകയായ 25,000 രൂപ പിൻവലിക്കുന്നതിനായി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ബില്ല് തയാറാക്കി സമർപ്പിച്ചപ്പോൾ ആയത് പ്രസ്തുത വർഷത്തെ ട്രഷറി ക്യൂവിൽ ഉൾപ്പെടുകയും 2019-20 സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽ ഉൾപ്പെടുത്തി അനുവദിക്കുകയുമുണ്ടായി. ആയതിനാൽ 2019-20 സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽ 25,000 രൂപയുടെ കുറവ് വരികയുണ്ടായി. പ്രസ്തുത കുറവുള്ള തുകയായ 25,000 രൂപ 18-3-2020-ലെ സ. ഉ. (സാധാ.) നമ്പർ 2278/2020/ഫിൻ. പ്രകാരം അധിക ചെലവായി

ധനകാര്യ വകുപ്പ് അനുവദിക്കുകയും അപ്രകാരം 2019-20 സാമ്പത്തിക വർഷത്തെ ഗ്രാന്റായി 40,000 രൂപ കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് വിമെൻസ് വെൽഫെയർ സൊസൈറ്റി & റിക്രിയേഷൻ ക്ലബ്ബിന് നൽകിയിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ എസ്.ഡി1/16/2019-പൊ.ഭ.വ., തീയതി 11-5-2020] 23-7-2020-ലെ സമിതി യോഗം അംഗീകരിച്ചു

<u>അദ്ധ്യായം II</u>

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ശിപാർശകൾ

| വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|
| പൊതു വിദ്യാഭ്യാസം | 1-20, 50-55 |
| ഉന്നത വിദ്യാഭ്യാസം | 27-35, 37-46, 48, 56-73, 75-78 |
| പൊതുമരാമത്ത് | 74 |
| സാംസ്കാരികകാര്യം | 80-117 |
| കായികയുവജനകാര്യം | 118-120 |

പ്രൊഫ. സി. രവീന്ദ്രനാഥ്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2020 ജൂലൈ 23.

©
Kerala Legislature Secretariat
2020

KERALA NIYAMASABHA PRINTING PRESS.